"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - 'Construction of 20LL capacity OHSR Tank near CUSAT Pump house and allied works in Kalamassery Municipality' എന്ന പ്രവൃത്തി അമൃത് 2 . 0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ലഭിച്ച ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ ബി) വകുപ്പ്**

സ.ഉ.(കൈ) നം.46/2025/WRD തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-
1. സ.ഉ(പി) നം.16/2017/ധന തീയതി 06.02.2017.
2. സ.ഉ (സാധ) നം.2906/2022/LSGD തീയതി 24.11.2022.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 04.02.2025 തീയതിയിലെ KWA-JB/1378/2023-AE 10-Part(1) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ Construction of 20LL capacity OHSR Tank near CUSAT Pump house and allied works in Kalamassery Municipality' എന്ന പ്രവൃത്തിയ്ക്ക് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് പരാമർശം (2) പ്രകാരം 1441.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. യിരുന്നു. കേരള വാട്ടർ അതോറിറ്റി 08.06.2023 -ലെ ഉത്തരവ് പ്രകാരം 1438.90 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയ്ക്ക് ഐറ്റം റേറ്റ് B o Q ആയി ആദ്യ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റദ്ദാക്കുകയും റീ ടെൻഡർ ക്ഷണിക്കുകയും രണ്ട് ഓഫറുകൾ ലഭിക്കുകയും ചെയ്തു. Qualified Single Bidder Quote ചെയ്ത തുകയായ 12,62,41,370.85/- രൂപ Tendered PAC-യായ 11,2195,733.24/- രൂപയെക്കാൾ 12.52% കൂടുതലായതിനാൽ പ്രസ്തുത ടെൻഡർ അംഗീകരിക്കുന്നതിനായി പരാമർശം (3) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 4(v) പ്രകാരം യഥാർത്ഥ സ്ഥല സാഹചര്യങ്ങൾക്ക് അനുസരിച്ച് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുവാനും, ഇത് രണ്ടാമത്തെ ടെൻഡർ ആയതിനാൽ വ്യാപകമായ പ്രചാരണം നൽകി പ്രവൃത്തി റീടെൻഡർ ചെയ്യുവാനും കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചു. തുടർന്ന് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്യുകയും ടെൻഡർ ക്ഷണിച്ചുവെന്നും 18.06.2024-ലെ ഉത്തരവ് പ്രകാരം 1426.60 ലക്ഷം രൂപയുടെ സാങ്കേതികാനുമതി കേരള വാട്ടർ അതോറിറ്റി നൽകുകയുണ്ടായി എന്നും മാനേജിംഗ് ഡയറക്ടർ പരാമർ ശം (3) പ്രകാരം അറിയിക്കുകയുണ്ടായി. വിപുലമായ പ്രചാരണം നൽകിയതിന് ശേഷം

പ്രവൃത്തി റീ-ടെൻഡർ ചെയ്യുകയും ചെയ്തു. പ്രസ്തുത ദർഘാസിൽ ചുവടെ ചേർക്കുന്നവരിൽ നിന്നും മൂന്ന് ഓഫറുകൾ ലഭിക്കുകയും ചെയ്തു.

a. Sri. K J Varghese, Kooran House, Akaparambu, Kariyad, Mekkad – 683589.

b. M/s. V P GROUP, Ambattukavu, Thaikattukara P.O, Aluva, Pin-683106. JV with Mr. M.K.Hanzar, Haseena Cottage, Panayikulam P.O, Ernakulam

c. M/s. Noble Tech Engineering(P) Ltd, Noble House, M.K.K.Nair Road, Palarivattom, Cochin -25.

3. 27.09.2024-ന് ചേർന്ന ടെൻഡർ കമ്മിറ്റി ടെൻഡർ വിശദമായി വിലയിരുത്തുകയും മറ്റ് രണ്ട് പേരും സമർപ്പിച്ച ടെണ്ടറിൽ valid documents ഇല്ലാത്തതിനാൽ, M/s. V P GROUP, Ambattukavu, Thaikattukara P.O, Aluva Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.O, Ernakulam എന്ന ബിഡ്ഡറെ പ്രീക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. L1 ബിഡ്ഡർ ആയ M/s. V P GROUP, Ambattukavu, Thaikattukara P.O, Aluva Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.O, Ernakulam ക്വാട്ട് ചെയ്ത തുകയായ 12,58,78,349.30 രൂപ, TPAC യെക്കാൾ 25.71% കൂടുതലാണ്. കരാറുകാരൻ രേഖപ്പെടുത്തിയ തുക ഉയർന്നതായതിനാൽ ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കൊച്ചി PRICE 3.0 മുഖാന്തരം ലേലക്കാരനോട് അഭ്യർത്ഥിക്കുകയും ക്വാട്ട് ചെയ്ത തുക 11,95,85,482/- രൂപയായി കുറയ്ക്കുകയും ചെയ്തു. ടി തുക TPAC യെക്കാൾ 19.43 % കൂടുതലാണ്.

4. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം DsoR +10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഏറ്റവും കുറഞ്ഞ തുകയായ 11,01,46,033/- രൂപ (Current SoR+10%) യ്ക്കുള്ള ടെൻഡറിനാണ് അനുമതി നൽകേണ്ടത്. എസ്റ്റിമേറ്റ് റികാസ്റ്റ് ചെയ്തതിന് ശേഷമുള്ള റീടെൻഡർ ആണ് ഇതെന്നതിനാലും, റീടെണ്ടർ കഴിഞ്ഞ ഈ പ്രവൃത്തിക്ക് ഇനി കുറേക്കൂടി മെച്ചപ്പെട്ട ടെണ്ടർ ലഭിക്കാനുള്ള സാധ്യത കുറവായതിനാലും, L1 ബിഡ്ഡർ ആയ M/s. V P GROUP, Ambattukavu, Thaikattukara P.O, Aluva- Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.o, Ernakulam എന്ന കരാറുകാരനിൽ

നിന്ന് ലഭിച്ച ഓഫർ പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

5. അമൃത് 2.0 പ്രോജക്റ്റിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും, മുമ്പ് നിരവധി തവണ ടെൻഡർ നടപടിക്രമങ്ങൾ നടത്തിയെങ്കിലും സാധുവായ ടെൻഡർ ആരും സമർപ്പിക്കാത്തതിനാൽ ടി പ്രവൃത്തി ബിഡ്ഡർ ആയ M/s. V P GROUP, Ambattukavu, Thaikattukara P.O, Aluva Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.O, Ernakulam-ന് നെഗോഷിയേറ്റഡ് നിരക്കായ 11,95,85,482/- രൂപയ്ക്ക് (TPAC യെക്കാൾ 19.43 % കൂടുതൽ) അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കളമശ്ശേരി മുനിസിപ്പാലിറ്റി കടുത്ത കുടിവെള്ള ദൗർലഭ്യം അനുഭവിക്കുന്ന പ്രദേശമാണ്. ഈ പ്രവൃത്തി കേന്ദ്രസഹായ അമൃത് പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ആദ്യം പലപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ഫലം ലഭിക്കാത്തതിനാൽ റീകാസ്റ്റ് ചെയ്ത് വീണ്ടും പലപ്രാവശ്യം ടെണ്ടർ ചെയ്തതാണ്. നിലവിലെ ക്വാട്ടും അതോടൊപ്പം ലോക്കൽ മാർക്കറ്റ് റേറ്റും തമ്മിൽ വലിയ വ്യത്യാസം കാണുന്നില്ല. മേൽ സാഹചര്യത്തിൽ ഇനിയും ഇത് ടെണ്ടർ ചെയ്യുന്നത് ചെലവ് കൂട്ടാനേ ഉപകരിക്കൂ .

7. മേൽ സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ 'Construction of 20LL capacity OHSR Tank near CUSAT Pump house and allied works in Kalamassery Municipality' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് L1 ബിഡ്ഡറായ M/s. V P Group, Ambattukavu, Thaikattukara P.O, Aluva- Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.O, Ernakulam എന്ന കരാറുകാരന് നെഗോഷിയേറ്റഡ് തുകയായ 11,95,85,482/- (പതിനൊന്ന് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എൺപത്തി അയ്യായിരത്തി നാനൂറ്റി എൺപത്തി രണ്ട് രൂപ)(TPAC യെക്കാൾ 19.43 % അധികരിച്ചത്) രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്), തിരുവനന്തപുരം

3. പൊതുഭരണ (എസ്.സി) വകുപ്പ് (05.06.2025 തീയതിയിലെ ഇനം നം. 3004 പ്രകാരം)
4. ധനകാര്യവകുപ്പ് (ഇ ഫയൽ നം 2671010/PU-C1/2024-Fin തീയതി 08.04.2025 പ്രകാരം)
5. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ / ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Khadeeja
Alungal
Date: 10-06-2025 12:38:00
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. ഡബ്ല്യു.എസ്.-ബി2/2/2024-ജ.വി.വ. ഇനം നം: 3004

വിഷയം : ജലവിഭവ വകുപ്പ് - 'Construction of 20LL capacity OHSR Tank near CUSAT Pump house and allied works in Kalamassery Municipality' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

6/6/25
S.S

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
05 JUN 2025
6.30 PM

3004

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ.എസ്-ബി2/2/2024-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | 'Construction of 20LL capacity OHSR Tank near CUSAT Pump house and allied works in Kalamassery Municipality' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.05.2025. |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ..സജികുമാർ ജെ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |

| | | | |
|---|---|---|---|
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.05.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

'Construction of 20LL capacity OHSR Tank near CUSAT Pump house and allied works in Kalamassery Municipality' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമർപ്പിച്ച ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് 24/11/2022 തീയതിയിലെ GO (Rt) No. 2906/2022/LSGD പ്രകാരം 1441.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 08.06.2023 -ലെ ഉത്തരവ് പ്രകാരം 1438.90 ലക്ഷം രൂപയുടെ സാങ്കേതികാനുമതി കേരള വാട്ടർ അതോറിറ്റി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്കായുള്ള ആദ്യ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റദ്ദാക്കി. കൊച്ചി പി എച്ച് സർക്കിൾ സൂപ്രണ്ടിങ് എൻജിനീയറുടെ ഓഫീസിൽ നിന്നും റീ ടെൻഡർ ക്ഷണിക്കുകയും രണ്ട് ഓഫറുകൾ ലഭിക്കുകയും ചെയ്തു. Qualified Single Bidder Quote ചെയ്ത തുകയായ 12,62,41,370.85/- രൂപ Tendered PAC-യായ 11,21,95,733.24/- രൂപയെക്കാൾ 12.52% കൂടുതലായതിനാൽ പ്രസ്തുത ടെൻഡർ അംഗീകാരത്തിനായി മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചു.

3. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ 06.02.2017 ലെ G.O(P)No.16/2017/Fin ലെ ഖണ്ഡിക 4(v) അനുസരിച്ച് യഥാർത്ഥ സ്ഥല സാഹചര്യങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുവാനും ഇത് രണ്ടാമത്തെ ടെൻഡർ ആയതിനാൽ വ്യാപകമായ പ്രചാരണം നൽകി പ്രവൃത്തി റീടെൻഡർ ചെയ്യുവാനും നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശം അംഗീകരിച്ച് എസ്റ്റിമേറ്റ് പുനഃക്രമീകരിക്കാൻ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചിരുന്നു. എസ്റ്റിമേറ്റ് റീ-കാസ്റ്റ് ചെയ്തതായും 18.06.2024-ലെ ഉത്തരവ് പ്രകാരം 1426.60 ലക്ഷം രൂപയുടെ സാങ്കേതികാനുമതി കേരള വാട്ടർ അതോറിറ്റി നൽകുകയുണ്ടായി. വിപുലമായ പ്രചാരണം നൽകിയതിന് ശേഷം പ്രവൃത്തി റീ-ടെൻഡർ ചെയ്യുകയും അതിൻ പ്രകാരം ചുവടെ ചേർക്കുന്നവരിൽ നിന്നും മൂന്ന് ഓഫറുകൾ ലഭിക്കുകയും ചെയ്തു.

a) Sri. K J Varghese, Kooran House, Akaparambu, Kariyad, Mekkad – 683589.

b) M/s. V P GROUP, Ambattukavu, Thaikattukara P.O, Aluva, Pin-683106. JV with Mr. M.K.Hanzar, Haseena Cottage, Panayikulam P.O, Ernakulam.

c) M/s. Noble Tech Engineering(P) Ltd, Noble House, M.K.K.Nair Road, Palarivattom, Cochin -25.

4. കേരള വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ 27.09.2024-ന് ചേർന്ന ടെൻഡർ കമ്മിറ്റി ടെൻഡർ വിശദമായി വിലയിരുത്തി. മറ്റു രണ്ടു പേരും സമർപ്പിച്ച ടെണ്ടറിൽ valid documents ഇല്ലാത്തതിനാൽ M/s. V P GROUP, Ambattukavu, Thaikattukara P.O, Aluva Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.O, Ernakulam എന്ന ബിഡ്ഡറെ പ്രീക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. പ്രീക്വാളിഫൈഡ് ബിഡ്ഡർ രേഖപ്പെടുത്തിയ തുകയും വിശദാംശങ്ങളും TPAC-യുമായുള്ള താരതമ്യവും താഴെ പറയും പ്രകാരമാണ്.

| Name & Address of the bidders | TPAC | Quoted Amount | % excess |
|---|---|---|---|
| M/s. V P GROUP, Ambattukavu, Thaikattukara.P.O, Aluva - Pin 683106. JV with Mr.M.K.Hanzar, Haseena Cottage, Panayikulam.P.O, Ernakulam | Rs.10,01,32,757/- | Rs.12,58,78,349.30 | 25.71 % above TPAC |

5) കരാറുകാരൻ രേഖപ്പെടുത്തിയ തുക ഉയർന്നതായതിനാൽ ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കൊച്ചി PRICE 3.0 മുഖാന്തരം ലേലക്കാരനോട് അഭ്യർത്ഥിക്കുകയും ക്വാട്ട് ചെയ്ത തുക 11,95,85,482/- രൂപയായി കുറയ്ക്കുകയും ചെയ്തു. ടി തുക TPAC യെക്കാൾ 19.43 % കൂടുതലാണ്. 23.11.2024 ന് ചേർന്ന ടെണ്ടർ കമ്മിറ്റി വിശദമായി പ്രസ്തുത ടെൻഡർ വിലയിരുത്തി.

ടെൻഡർ ഇവാല്യുവേഷൻ താഴെ പറയും പ്രകാരമാണ്.

a) LMR PAC corresponding to TPAC : Rs. 11,51,92,154.80 (15.04 % Above TPAC) (LMR Place: Kanayannur & Aluva & Paravur Taluk, LMR as on: 19.08.2024 )

b) Quoted amount of L1 Bidder : Rs. 12,58,78,349.30 (25.71 % above TPAC)

c) Negotiated amount of L1 Bidder : Rs. 11,95,85,482/- (19.43 % above TPAC)

d) Current SoR+10.00% : Rs. 11,01,46,032.79

6) നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് മാത്രമേ ടെൻഡർ അനുവദിക്കാനാകൂ എന്നതിനാൽ പ്രസ്തുത പ്രവൃത്തി Current SoR+10% ആയ 11,01,46,033/- രൂപയ്ക്ക് മാത്രമെ അനുവദിക്കാനാകൂ. മെച്ചപ്പെട്ട ഓഫർ ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ M/s. V P GROUP, Ambattukavu, Thaikattukara P.O; Aluva- Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.o, Ernakulam ന് അവർ ക്വാട്ട് ചെയ്ത നിരക്കായ 11,95,85,482/- രൂപയ്ക്ക് (TPAC യെക്കാൾ 19.43 % മുകളിൽ) അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി ശിപാർശ ചെയ്തു.

**Comparison statement with Negotiated Amount**

| Negotiated Quoted Amount - Rs.11,95,85,482/- | | |
|---|---|---|
| | Amount | Negotiated Amount Percentage above or below. |
| Tendered PAC (TPAC) (Current SoR) | Rs. 10,01,32,757/- | 19.43 % above |
| Current SoR + 10% | Rs. 11,01,46,033/- | 8.57 % above |
| Local Market Rate (LMR) | Rs. 11,51,92,154.80/- | 3.81 % above |

7. അമൃത് 2.0 പ്രോജക്ടിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും, മുമ്പ് നിരവധി തവണ ടെൻഡർ നടപടിക്രമങ്ങൾ നടത്തിയെങ്കിലും സാധുവായ ടെണ്ടർ ആരും സമർപ്പിക്കാത്തതിനാൽ ടി പ്രവൃത്തി ബിഡ്ഡർ ആയ M/s. V P GROUP, Ambattukavu, Thaikattukara P.O, Aluva Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.O, Ernakulam-ന് നെഗോഷിയേറ്റഡ് നിരക്കായ 11,95,85,482/- രൂപയ്ക്ക് (TPAC യെക്കാൾ 19.43 % കൂടുതൽ) അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി എം.ഡി ശിപാർശ ചെയ്തു.

8. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*"AD is informed that, in case AD/PMU feel that there will be no change in estimate amount even after reworking the estimate and also no scope in getting a better offer even on recall of tenders, then the Lowest offer by the L1 Bidder, M/s. V P Group, Ambattukavu, Thaikattukara P.O, Aluva- Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.O, Ernakulam at his negotiated amount of Rs. 11,95,85,482/- which 19.43 % above TPAC of Rs 10,01,32,757/- and 3.8% above LMR, may be placed before Council of Ministers for getting approval ,with full justification. "*

9. ഫയൽ ബഹു.ജല വിഭവ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. മന്ത്രി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കളമശ്ശേരി മുനിസിപ്പാലിറ്റി കടുത്ത കുടിവെള്ള ദൗർലഭ്യം അനുഭവിക്കുന്ന പ്രദേശമാണ്. ഈ പ്രവൃത്തി കേന്ദ്രസഹായ അമൃത് പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ആദ്യം പലപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ഫലം ലഭിക്കാത്തതിനാൽ റീകാസ്റ്റ് ചെയ്ത് വീണ്ടും പലപ്രാവശ്യം ടെണ്ടർ ചെയ്തതാണ്. നിലവിലെ ക്വാട്ടും അതോടൊപ്പം ലോക്കൽ മാർക്കറ്റ് റേറ്റും തമ്മിൽ വലിയ വ്യത്യാസം കാണുന്നില്ല. മേൽ സാഹചര്യത്തിൽ ഇനിയും ഇത് ടെണ്ടർ ചെയ്യുന്നത് ചെലവ് കൂട്ടാനേ ഉപകരിക്കൂ എന്നതിനാൽ ഇപ്പോൾ നെഗോഷിയേറ്റ് ചെയ്ത തുകയ്ക്ക് ടെണ്ടർ അനുവദിക്കുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും."

10. ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

'Construction of 20LL capacity OHSR Tank near CUSAT Pump house and allied works in Kalamassery Municipality' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് L1 ബിഡ്ഡറായ M/s. V P Group, Ambattukavu, Thaikattukara P.O, Aluva- Pin-683106. JV with Mr. M.K Hanzar, Haseena Cottage, Panayikulam P.O, Ernakulam എന്ന കരാറുകാരന്

നെഗോഷിയേറ്റഡ് തുകയായ 11,95,85,482/- (പതിനൊന്ന് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എൺപത്തി അയ്യായിരത്തി നാന്നൂറ്റി എൺപത്തി രണ്ട് രൂപ) (TPAC യെക്കാൾ 19.43 % അധികരിച്ചത്) രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ?